# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8209 17.07.2014 ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യവും തൊഴിലിടങ്ങളിൽ സുരക്ഷാ ക്രമീകരണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അന്യ സംസ്ഥാന തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്; | (എ | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ടർമാർ വഴി ലഭ്യമാക്കിയ കണക്ക് പ്രകാരം 120 അന്യ സംസ്ഥാന തൊഴിലാളികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് മരണ മടഞ്ഞിട്ടുണ്ട്. |
| (ബി) | അതിൽ സ്വാഭാവികമരണ മെത്ര; അപകടമരണമെത്ര; | (ബി) | സ്വാഭാവിക മരണം : 11<br>അപകട മരണം : 109 |
| (സി) | അന്യസംസ്ഥാന തൊഴിലാളി കൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാ-ക്കുന്നതിനായി ആരോഗ്യ വകുപ്പുമുഖേന പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാ ക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (സി) | 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള ത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളി കളുടെ സാമൂഹികവും സാമ്പത്തിക വുമായ സ്ഥിതി മെച്ചപ്പെടുത്തു ന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇവരുടെ കുലം, കുടുംബ പശ്ചാത്തലം, ജാതി തുടങ്ങിയവയെ സംബന്ധിച്ച് ആധികാരിക വിവര |

ങ്ങൾ ശേഖരിച്ച് പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനും എല്ലാ വിവരങ്ങളും ഉൾക്കൊണ്ട യു.ഐ.ഡി കാർഡുകൾ ഇവർക്കു നൽകുന്നതിനുമായ പദ്ധതിയ്ക്കായി 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മരണമടഞ്ഞ അന്യസംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് ഓരോരുത്തർക്കും എത്ര രൂപാ വീതം സമാശ്വാസ തുക നൽകി;

(ഡി) അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് 50,000/- രൂപ വീതവും സ്വാഭാവിക മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് 10,000/- രൂപ വീതവും നൽകുന്നുണ്ട്.

(ഇ) അന്യസംസ്ഥാന തൊഴിലാളികൾ ഫ്ലാറ്റുനിർമ്മാണങ്ങളിലും മറ്റും ഏർപ്പെടുന്ന സ്ഥലത്ത് നിയമപരമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിശോധന നടത്തുന്നുണ്ടോ; വിശദമാക്കുമോ?

പരിശോധന നടത്തുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ ഫ്ളാറ്റ് നിർമ്മാണങ്ങളിലും മറ്റും ഏർപ്പെടുന്ന സ്ഥലത്ത് നിയമ പരമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി 19/04/2014 മുതൽ നാളിതുവരെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ 127 വർക്ക്സൈറ്റുകളിൽ പരിശോധനകൾ നടത്തുകയും സുരക്ഷാ ക്രമീകരണങ്ങളുടെ ലംഘനംമൂലം 41 വർക്ക്സൈറ്റുകളിൽ പ്രൊഹിബിഷൻ ഓർഡർ നൽകുകയും, തുടരന്വേഷണത്തിൽ ലംഘനങ്ങൾ പരിഹരിച്ചതായി ബോദ്ധ്യപ്പെട്ട തൊഴിലുടമകൾക്കെതിരെയുള്ള വിലക്ക് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ.